# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1250.

06-03-2018 ൽ മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിൽ ന്യായവിലയ്ക്ക് നെല്ല് സംഭരിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിൽ കർഷകരുടെ നെല്ല് ന്യായവിലയ്ക്ക് മുഴുവനായും സംഭരിക്കുന്നതിന് കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | നെല്ല് സംഭരണം നടത്തുന്നത് സപ്ലൈകോ വഴിയാണ്. തൃശ്ശൂർ ജില്ലയിൽ സപ്ലൈകോ പാഡി മാർക്കറ്റിംഗ് ഓഫീസർ മുഖാന്തിരം കർഷകരുടെ നെല്ല് സംഭരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കൊരട്ടി കൂട്ട് കൃഷി സംഘത്തിലെ കർഷകരുടെ നെല്ല് സംഭരിക്കാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | യഥാസമയം നെല്ല് സംഭരിച്ച് കർഷകർക്ക് ന്യായവില ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വികേന്ദ്രീകൃത ധാന്യ സംഭരണ, സംസ്കരണ, വിതരണ പദ്ധതി പ്രകാരം സപ്ലൈകോ യഥാസമയം തന്നെ നെല്ല് സംഭരിക്കുകയും ആയതിന്റെ വില സമയബന്ധിതമായി തന്നെ കർഷകർക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് നൽകുന്ന PR (പാഡി രസീത്)-ന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി എഗ്രിമെന്റ് വച്ചിട്ടുള്ള ബാങ്കുകൾ വഴി സംഭരണ വില അപ്പപ്പോൾ നൽകുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ